**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3652** **12-03-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡറുകൾക്ക് ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡറുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.. ട്രാൻസ്ജെന്റർ ക്ഷേമവുമായി ബന്ധപ്പെട്ട് 'മഴവില്ല്' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്ന SRS (Sex Reassignment Surgery) പദ്ധതി പ്രകാരം ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.5 ലക്ഷം രൂപയും, ട്രാൻസ്മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചുവരുന്നുണ്ട്. ശസ്ത്രക്രിയയെത്തുടർന്നുള്ള തുടർചികിത്സയ്ക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള SRS ആഫ്റ്റർ കെയർ പദ്ധതി പ്രകാരം പ്രതിമാസം 3000/- രൂപ നിരക്കിൽ 12 മാസത്തേക്ക് 36000/- രൂപ ധനസഹായവും അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ട്രാൻസ്മാൻ, ട്രാൻസ്‌വുമൻ വിഭാഗങ്ങളിലായി എത്രപേർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | SRS പദ്ധതിയും, SRS ആഫ്റ്റർ കെയർ പദ്ധതിയും ആരംഭിച്ച 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 178 ട്രാൻസ്മാൻ വ്യക്തികൾക്കും, 303 ട്രാൻസ് വുമൺ വ്യക്തികൾക്കുമായി SRS ധനസഹായമായി ആകെ 5,80,84,811/- രൂപയും, തുടർചികിത്സാധനസഹായമായി 1,15,95,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ട്രാൻസ്ജെൻഡറുകൾക്ക് തുടർചികിത്സാ സഹായം | (സി) | ഉണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളതും 18 വയസ്സ് പൂർത്തിയായതുമായ ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരായ എല്ലാ ട്രാൻസ്ജെന്റർ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള പ്രായപരിധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | വ്യക്തികൾക്കും തുടർചികിത്സ ധനസഹായം അനുവദിക്കുന്നുണ്ട്. തുടർചികിത്സധനസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിരുന്ന 18-നും 40-നും മദ്ധ്യേ എന്ന പ്രായപരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 22.08.2023 ലെ ഉത്തരവ് മുഖേന ഭേദഗതി വരുത്തി ഉയർന്ന പ്രായപരിധി ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ 18 വയസ്സ് കഴിഞ്ഞ എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ ചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ